(11) നെടുവത്തൂർ നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ പണി

ശ്രീ. സി. കെ. തങ്കപ്പൻ: സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന നെടുവത്തൂർ നിയോജകമണ്ഡലത്തിൽ ബഹുമാന്യനായ പൊതുമരാമത്തു വകുപ്പുമന്ത്രിയും ഗവൺമെന്റും സ്ഥിരമായി വച്ചുപുലർത്തുന്ന അവഗണനയുടെ അൽപ്പം ചില കാര്യങ്ങളാണ് ഞാൻ ഈ സഭയിൽ ഉന്നയിക്കാൻ ശ്രമിക്കുന്നത്. അവിടെ 26 വർഷങ്ങൾക്കുമുമ്പ് സർക്കാർ സ്വീകരിച്ച ഒരു നിർദ്ദേശത്തിൽ ഉൾപ്പെടുന്നതാണ് ചെറുപൊയ്ക പാലം. ആ ചെറുപൊയ്ക പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുതന്നെ 20 വർഷം കഴിഞ്ഞിട്ടുണ്ട്. ബഹുമാന്യനായ മന്ത്രി എന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു വലിയ സമ്മേളനത്തിൽ അടുത്തകാലത്ത് ആവിടെചെന്നു പ്രസംഗിച്ച കൂട്ടത്തിൽ ആ പാലത്തിന്റെ ഗൗരവാവശ്യം 'എനിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്, അതുകൊണ്ട് ഈ പാലത്തിന്റെ പണി ഏറ്റെടുക്കാമെന്ന്' ആ സമ്മേളനത്തിൽവെച്ച് നാട്ടുകാർക്ക് ഉറപ്പു കൊടുത്തതാണ്. എന്നാൽ യാതൊരു നടപടിയും അതിനുശേഷം അദ്ദേഹം അവിടെ സ്വീകരിച്ചില്ല. അതുപോലെതന്നെയാണ് കൊല്ലം, കൊട്ടാരക്കര പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ് സർ, മൂഴിക്കടവ് പാലം. ആ മൂഴിക്കടവ് പാലത്തിന്റെ പണി ബഹുമാന്യനായ ടി. കെ. ദിവാകരൻ മന്ത്രിയായിരുന്ന കാലത്ത് നടത്തിയതാണ്. ആ പാലത്തിന്റെ പണി പൂർത്തിയായെങ്കിലും 10 ലക്ഷത്തിനു താഴെ വരുന്ന അൽപ്പം അപ്രോച്ച് റോഡും സൈഡ് വാളും മാത്രമാണ് തീരാനുള്ളത്. നാലാമത്തെ തവണയാണ്, ഇത് ഞാൻ സഭയിൽ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അതിനും അദ്ദേഹം ഉറപ്പുതന്നിട്ടുള്ളതാണ്. ഫലപ്രദമായ യാതൊരു നടപടിയും അതിനും ഉണ്ടായിട്ടില്ല. അതുപോലെതന്നെയാണ് കൊല്ലം, തിരുവനന്തപുരം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബൈറൂട്ടിൽ വരുന്ന പള്ളിക്കപ്പുഴ പാലം. ആ പാലത്തിന്റെയും നിർദ്ദേശം സർക്കാർ സ്വീകരിച്ചിട്ട് വളരെ വർഷങ്ങളായി. ആ കാര്യങ്ങളൊക്കെത്തന്നെ ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ സങ്കടത്തോടുകൂടി അവതരിപ്പിച്ചിട്ടുള്ളതാണ്. ഈ പ്രദേശങ്ങളുടെ വികസനത്തിനാവശ്യമായ ഈ പാലങ്ങളുടെ പണി നടത്താതിരിക്കണമോ? അങ്ങ് പരിശോധിക്കുമ്പോൾ കൊല്ലം ജില്ലയിൽ പെൻറിങ്ങിലിരിക്കുന്ന ഒരു പാലവുമില്ല സർ. ഞാൻ ആ കാര്യങ്ങളൊന്നും ഇവിടെ പറയുന്നില്ല. അതുകൊണ്ട് ബഹുമാന്യനായ മന്ത്രി ഹരിജൻ നിസർവ്വേഷൻ മണ്ഡലമായ നെടുവത്തൂരിനോടുള്ള അവഗണന അവസാനിപ്പിച്ചുകൊണ്ട് ഇനിയെങ്കിലും ശേഷിക്കുന്ന സമയത്ത്, അങ്ങയുടെ സമയത്തുതന്നെ ഈ പാലങ്ങളുടെ പണി പൂർണ്ണമാക്കി ആ പ്രദേശവാസികളെ സംരക്ഷിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇവിടെ സബ്മിഷനിലൂടെ ഉന്നയിക്കുന്ന എല്ലാ പാലങ്ങളുടെയും പണികൾ ചെയ്യാമെന്ന് ഞാൻ വാഗ്ദാനം ചെയ്തിട്ടില്ല. ചെയ്യാറുമില്ല. പരിശോധിച്ച് വേണ്ടത് ചെയ്യാമെന്ന് മാത്രമാണ് പറയാറുള്ളത്. ഇതെല്ലാം പരിശോധിച്ചു. അദ്ദേഹം പറഞ്ഞ മൂന്നു പാലങ്ങളുണ്ട്. എന്നാൽ നിർഭാഗ്യവശാൽ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ അതില്ല. അതുകൊണ്ട് അതിനാവശ്യമായ എല്ലാ നടപടികളും എടുക്കുന്നുണ്ട്. അതിന്റെ ബാക്കിയുള്ള ഫോർമാലിറ്റീസെല്ലാം തീർത്ത് അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചതിനുശേഷമേ പണിതുടങ്ങാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly